# പൈനാപ്പിൾ ജീൻസും വാഴയില ടോപ്പും!

ഒരു ടീ ഷർട്ട് നിർമിക്കാൻ വേണ്ടത് 2706 ലീറ്റർ വെള്ളമാണ്; ജീൻസിന് ഏതാണ്ട് 5556 ലീറ്ററും! പുതിയ ഡ്രസ് വാങ്ങാൻ ബൂട്ടീക്കിലേക്കും മറ്റും ഓടുമ്പോൾ ആരെങ്കിലും ഓർക്കാറുണ്ടോ ഇക്കാര്യം? വർണവസ്ത്രങ്ങളിൽ പുതിയവ തിരഞ്ഞ്, പിന്നെയും തിരഞ്ഞ് സമയം കളയുമ്പോൾ ഓർക്കുക, മലിനീകരണത്തിൽ ലോകത്ത് രണ്ടാം സ്ഥാനത്താണു വസ്ത്ര നിർമാണ മേഖല.

പോളിസ്റ്റർ തുണികൾ പ്ലാസ്റ്റിക് പോലെ തന്നെയാണ്. ഉപേക്ഷിച്ച് നാളുകൾ കഴിഞ്ഞാലും മണ്ണിലലിയാതെ അവ അങ്ങനെത്തന്നെ കിടക്കും! പോളിസ്റ്റർ വേണ്ട, കോട്ടൻ മതിയെന്നു തീരുമാനിച്ചാലുമുണ്ട് പ്രശ്നം. കീടനാശികൾ അമിതമായി ഉപയോഗിച്ചാണു കോട്ടൻ ഉൽപാദിപ്പിക്കുന്നത്.

അപ്പോൾ പിന്നെ ഇതിനൊന്നും പരിഹാരമില്ലേ എന്നു ചോദിക്കൂ: പരിഹാരമുണ്ട്- ബനാന സിൽക്, ഫ്രൂട്ട് ലെതർ എന്നിങ്ങനെ പ്രകൃതി സൗഹൃദ വസ്ത്രങ്ങൾ പതിയെ ട്രെൻഡാവുകയാണ്. വിദേശത്താണ് ഇവ വേരുപിടിക്കുന്നതെങ്കിലും വൈകാതെ ഇവിടേക്കുമെത്തും.

വാഴത്തണ്ടിൽനിന്നാണ് ബനാന സിൽക് ഉൽപാദിപ്പിക്കുന്നത്; ഫ്രൂട്ട് ലെതർ കൈത( പൈനാപ്പിൾ)യുടെ ഇലകളിൽ നിന്നും. സ്പാനിഷ് ബ്രാൻഡ് പിനാടെക്സ് കൈതയുടെ ഇലയിൽ നിന്ന് തുണി നിർമിക്കുന്നവരാണ്. മോഡേൺ മെഡോ എന്ന അമേരിക്കൻ കമ്പനി യീസ്റ്റ് ഉപയോഗിച്ച് ലെതർ നിർമ്മിച്ചുകഴിഞ്ഞു. ബോൾട്ട് ത്രെഡ്സ് യീസ്റ്റിൽ നിന്ന് സിൽക്ക് നൂലുകൾ ഉൽപാദിപ്പിക്കാനുള്ള ശ്രമത്തിലാണ്.

വസ്ത്രങ്ങൾക്ക് നിറങ്ങൾ നൽകാൻ



ഇപ്പോൾ ഉപയോഗിക്കുന്ന ആസിഡുകൾക്കും രാസവസ്തുക്കൾക്കും പകരം ശർക്കരയിലെ മധുരഘടകങ്ങൾ ഉപയോഗിക്കാമെന്നും കണ്ടുപിടിച്ചു കഴിഞ്ഞു. ചെടികളിൽ നിന്നും കീടാണുക്കളിൽ നിന്നും വരെ നിറങ്ങൾ ഉൽപാദിപ്പിക്കാമെന്നും കണ്ടെത്തിയിട്ടുണ്ട്. വസ്ത്രങ്ങളിൽ സാധാരണ നിറം മുക്കാൻ ഉപയോഗിക്കുന്നതിന്റെ പകുതി വെള്ളമേ ഇതിനായി ആവശ്യം വരൂ എന്നതാണു പ്രധാന മെച്ചം.

ത്രീഡി ഡിസൈനിൽ വസ്ത്രങ്ങൾ പ്രിന്റ് ചെയ്ത് എടുക്കാനുള്ള വിദ്യയുമുണ്ട്. ഡാനിയൽ പെലെഗ് പോലെയുള്ള ഡിസൈനർമാർ ഇതിനുള്ള ശ്രമത്തിലാണ്. ഡച്ച് സ്റ്റാർട്ടപ് ആയ ബയോ ആർട്ട് ലബോറട്ടറീസ് ചാണകത്തിൽ നിന്നുള്ള സെല്ലുലോസ് സംസ്കരിച്ചു തുണികൾ ഉൽപാദിപ്പിക്കുന്നുണ്ട്.

യുഎസിലെ പെൻ സ്റ്റേറ്റ് സർവകലാശാല കണവ (കൂന്തൽ) മത്സ്യത്തിന്റെ പല്ലിലെ പ്രോട്ടീൻ ജലവുമായി ലയിപ്പിച്ച് പശയുണ്ടാക്കുന്നു. കീറിയ വസ്ത്രങ്ങൾ തയ്ക്കുന്നതിനു പകരം ഒട്ടിക്കാനാണ് ഈ പശ.

അതിനിടെ, ഉപയോഗിച്ച വസ്ത്രങ്ങൾ വീണ്ടും ശുചീകരിച്ച് പുതിയവയാക്കുന്ന വിദ്യയും ചില ബ്രാൻറുകൾ തുടങ്ങിക്കഴിഞ്ഞു. അമേരിക്കൻ ഫാഷൻ കമ്പനി അർമേറിയം വില കൂടിയ വസ്ത്രങ്ങൾ വാടകയ്ക്കു കൊടുക്കുന്ന സംവിധാനം ഓൺലൈനായി ആരംഭിച്ചു. പ്രകൃതി സൗഹൃദമെന്ന വാക്കിന് മുൻപത്തേക്കാൾ വിലയുള്ള കാലത്ത് നമുക്കും കാത്തിരിക്കാം, ഇക്കോ ഫ്രണ്ട്‌ലി വസ്ത്രങ്ങൾക്കായി!

**ടെസ്മി അന്ന**